Week-2

# Weekly Devotionals of April 2016

## The God who Enlarges the Borders

## (അതിരുകൾ വിസ്താരമാക്കുന്ന ദൈവം)




സ്ഥതിയ്ക്ക് മാറ്റം വരുത്തുവനാണ് യിസ്രായേലിന്റെ ദൈവം. ആരാണ് യിസ്രായേൽ ? പിതാവിനെയും സഹോദരനെയും ചതിച്ച് വീടും നാടും വിട്ട് ഓടിയ യാക്കോബിനെ വഴിയിൽ സന്ദർശിച്ച് 'നിന്റെ പേർ എന്ത് എന്ന് ചോദിച്ച ദൈവത്തോട് തന്റെ ഉള്ള അവസ്ഥ അവൻ അറിയിച്ചു. ദൈവം അവനെ തൊട്ടപ്പോൾ അവന്റെ പേരുമാറി, യിസ്രായേൽ എന്നായിത്തീർന്നു. ദൈവം തൊട്ടു എന്നതിന്റെ അടയാളമാണ് തുടയിലെ ഉളുക്ക്. ഈ യാക്കോബിന്റെ അഥവാ യിസ്രായേലിന്റെ ദൈവത്തോടാണ് യബ്ബേസും പ്രാർത്ഥിച്ചത്. ചെങ്കടലിൽ യിസ്രായേൽ ജന

ത്തിന്  വഴി ഒരുക്കിയ ദൈവം നിശ്ചയമായും തന്റെ അതിരുകളെ വിസ്താരമാക്കുമെന്ന് അവൻ വിശ്വസിച്ചു.

സമ്പത്ത് വളരെ ഉണ്ടായിരുന്ന അബ്രാമിന്റെയും ലോത്തിന്റെയും ഇടയൻമാർ തമ്മിലുള്ള പിണക്കം ഒഴിവാക്കുവാൻ അവർ രണ്ടായി പിരിയുവാൻ തീരുമാനിച്ചു. യഹോവയുടെ തോട്ടമായ ഏദനെപ്പോലെ മനോഹരമായ യോർദ്ദാനരികെയുള്ള ഭൂപ്രദേശം ലോത്ത് തിരഞ്ഞെടുത്തു. അതിനുശേഷം യഹോവ അബ്രാമിനോട് പറഞ്ഞത് ശ്രദ്ധിക്കുക. (ഉല്പ:13:14). "തലപൊക്കി നീ ഇരിക്കുന്ന സ്ഥലത്തുനിന്നും വടക്കോട്ടും, തെക്കോട്ടും, കിഴക്കോട്ടും, പടിഞ്ഞാറോട്ടും നോക്കുക" നീ കാണുന്ന ഭൂമിയൊക്കെയും ഞാൻ നിനക്കും നിന്റെ സന്തതിയ്ക്കും തരും.വാക്കു മാറാത്തവനോട് വിശ്വാസത്തോടെ എഴുന്നേറ്റ് ചോദിയ്ക്കുക. നിങ്ങൾ മാത്രമല്ല നിങ്ങളുടെ തലമുറകളും അനുഗ്രഹിക്കപ്പെടും. പക്ഷേ നീ ചോദിക്കണം ദൈവം തൊട്ടവന്റെ നടപ്പും , സ്വഭാവവും മാറണം, സംസാരം, ചിന്തകൾ, പെരുമാറ്റം ഇവ എല്ലാം മാറണം. അനേകർ നടക്കുന്നിടത്ത് യാക്കോബ് നടന്നാൽ തിരിച്ചറിയണം.

യാക്കോബിനെ തൊട്ട ദൈവം , കണ്ട ദൈവം, അവനെ തൊട്ടതുപോലെ എന്നെയും കണ്ടതുകൊണ്ടാണ് എന്റെയും ജീവിതത്തിൽ ഇങ്ങനെയൊക്കെ സംഭവിച്ചതെന്ന് പിന്നീടാണ് ഞാൻ മനസ്സിലാക്കിയത്. ആദ്യ സംഭവം 1987 സെപ്റ്റംബർ 7ന് നടന്നു. ഒരു ചെറിയ ചരിവുള്ളിടത്ത് വീണ എന്റെ ഇടതുകാലിന്റെ രണ്ടസ്ഥിയും ഒടിഞ്ഞു. കർത്താവ് തൊട്ടതാകയാൽ വളരെ ഭംഗിയായി കാലിന്റെ ഒടിവ് സൗഖ്യമായി. പക്ഷേ തൊട്ടതിന്റെ അടയാളം ശേഷിപ്പിച്ചു ആ കാലിന് മറ്റേ കാലിനേക്കാൾ നീളത്തിന്

ചെറിയ ഒരു വ്യത്യാസം. അന്ന്  ഞാൻ വചനം പഠിക്കുവാൻ തുടങ്ങി. 2012 ൽ വീണ്ടും കർത്താവ് എന്നെ ഒന്ന്  തൊട്ടു; വാതരോഗത്താൽ ബലഹീന മായ എന്റെ വിരലുകളെ ദൈവം ശക്തിപ്പെടുത്തി, ആധുനീകയുഗത്തിൽ സുവിശേഷീകരണം നടത്തുവാനും വേറിട്ട ഒരു ജീവിതത്തിനുമായി ട്ടായിരുന്നു അത്. എന്റെ അപ്പച്ചൻ എന്റെ അതിരുകളെ വിസ്താരമാക്കി. വീണ്ടും വചനം പരിശുദ്ധാത്മാവ് എന്നെ പഠിപ്പിച്ചു. പക്ഷേ വീട്ടുകാരും , കൂടെ പ്രാർത്ഥിച്ചവരും എന്നെ പരിഹസിച്ചു. നമ്മെ പൊട്ടിയെന്നോ, ചട്ട നെന്നോ, മദർതേരേസ്സാ എന്നോ പ്രാർത്ഥനക്കാരി  എന്നോ വിളിച്ച് പരി ഹസിക്കുമ്പോൾ യഹോവ എന്നെ തൊട്ടതിനാൽ അതിർ വിസ്താര മായതാണെന്ന് ഉറപ്പോടെ പറയുക, വിശ്വസിക്കുക. തുടർന്ന് ആ വിളിക്ക നുസരിച്ച് ജീവിക്കുക. സങ്കീ: (18:36) ൽ പറയുന്നു. “ഞാൻ കാലടി വെക്ക ണ്ടതിന് നീ വിശാലത വരുത്തി” എന്ന് .

കർത്താവിൽ പ്രീയ കുഞ്ഞുങ്ങളേ Tension നിറഞ്ഞ ലോകത്തിൽ തളർന്നിരിക്കാതെ , എഴുന്നേല്ക്കുക വിശ്വാസത്തോടെ പറയുക യഹോവ എന്റെ ആരോഗ്യം , ബുദ്ധി, സമ്പത്ത് ഇവയുടെ അതിരുകൾ വിസ്താര മാക്കി അനുഗ്രഹിക്കുമെന്ന് സങ്കീർത്തനം(107:38) ൽ പറയുന്നു. “അവൻ അനുഗ്രഹിച്ചിട്ട് അവർ അത്യന്തം പെരുകി” എന്ന് . അനുഗ്രഹത്തിനു പിന്നാലെ നടക്കേണ്ടത് വർദ്ധിക്കുക എന്ന ക്രീയയാണ്. അത് പ്രാപിപ്പാൻ നിങ്ങൾ തയാറാകുക. പ്രാർത്ഥിക്കുമ്പോൾ ലഭിക്കും എന്ന് വിശ്വസിക്കു കയും ചെയ്യുക. നിങ്ങൾ പ്രാർത്ഥിക്കുന്നത് യിസ്രായേലിന്റെ ദൈവത്തോ ടാണ് നിശ്ചയമായും അവൻ നിങ്ങളെ അനുഗ്രഹിക്കും. എന്നെ തൊട്ട ദൈവം നിങ്ങളെയും തൊടും നിശ്ചയം. നമുക്ക് പ്രാർത്ഥിക്കാം.

# പ്രാർത്ഥന

മുമ്പിലുള്ളത് ഓർക്കേണ്ട, പിമ്പിലുള്ളത് നിരൂപിക്കുകയും വേണ്ട എന്ന് അരുളിയ ദൈവമേ, മരുഭൂമിയിൽ ഒരു വഴി ഞങ്ങൾക്കായി തുറന്ന് അതിരുകളെ വിസ്താരമാക്കി അനുഗ്രഹിക്കുന്ന ദൈവത്തോട് പ്രാർത്ഥിപ്പാനുള്ള കൃപ തരേണമേ. പ്രാർത്ഥനയുടെ ആത്മാവാൽ നിറച്ച് വിശ്വാസത്തോടെ ചോദിപ്പാൻ പഠിപ്പിക്കേണമേ. അതിരുകളെ വിസ്താരമാക്കി അനുഗ്രഹിക്കുമ്പോഴും, വഴി നടത്തുവാൻ അപ്പച്ചാ അങ്ങയുടെ കരം ഞങ്ങളോടു കൂടെയുണ്ടാകണമേ. വഴിമാറുന്ന ശക്തിയുള്ള ലോകത്തിൽ യഥാർത്ഥ വഴി കാണിച്ചു തന്ന് കൂടെ വസിക്കേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind